4. ഏലം:—പ്രായപൂർത്തിയായവർക്ക് 82 രൂപ 90 പൈസയും പ്രായപൂർത്തിയാകാത്തവർക്ക് 64 രൂപ 16 പൈസയുമാണ് ദിവസ വേതനം.

(ബി) ഇത് 6-3-2000-ലെ പ്ലാന്റേഷൻ ലേബർ കമ്മറ്റിയിൽ തീരുമാനിക്കപ്പെട്ടതാണ്. പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

'സ്നേഹതീരം' പദ്ധതി

12 [*342] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. മഞ്ഞളാംകുഴി അലി :
,, വി. കെ. ചന്ദ്രൻ :
,, വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുതിർന്ന പൗരന്മാർക്ക് വേണ്ടി പ്രഖ്യാപിച്ച 'സ്നേഹതീരം' പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി മറ്റു ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ ഇബ്രാഹിം കുഞ്ഞ്):

(എ) യും (ബി) യും (സി) യും 30-9-2004-ലെ ജി. ഒ. (എം.എസ്) നമ്പർ 57/04/SWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ തവന്നൂരിൽ 'സ്നേഹതീരം' പദ്ധതി സാമൂഹ്യക്ഷേമവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒറ്റപ്പെട്ടുപോയ വയോജനങ്ങളായ ദമ്പതികൾക്ക് ശാന്തവും സുരക്ഷിതവുമായ അന്തരീക്ഷത്തിൽ താമസവും സംരക്ഷണവും ആരോഗ്യ സേവനങ്ങളും മാനസികോല്ലാസവും നൽകി സന്തോഷപൂർണ്ണമായ ജീവിതം നൽകുവാൻ സാഹചര്യമൊരുക്കുകയാണ് സ്നേഹതീരം പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സാമ്പത്തികശേഷിയുള്ളവർക്കും സാധാരണക്കാർക്കും സാമ്പത്തികശേഷിയില്ലാത്തവർക്കും പ്രയോജനം ലഭിക്കത്തക്കാ രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയെ സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തികശേഷിയുള്ളരിൽ നിന്നും ഫീസ് ഈടാക്കുകയും അങ്ങനെ ലഭിക്കുന്ന വരുമാനം വിനിയോഗിച്ച് സാമ്പത്തികശേഷിയില്ലാത്തവർക്ക് അതേ സേവനം നൽകണമെന്നും ഉദ്ദേശിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന് മലപ്പുറം ജില്ലയിലെ തവന്നൂരിലുള്ള ഏകദേശം 15 ഏക്കർ സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് സർക്കാരും സന്നദ്ധസംഘടനകളും സ്വകാര്യ വ്യക്തികളും നടത്തുന്ന വൃദ്ധ സദനങ്ങളിൽ നിന്നും വ്യത്യസ്തമായി മെച്ചപ്പെട്ട ഭൗതികസൗകര്യവും സേവനവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സ്വതന്ത്രവും സുരക്ഷിതവുമായി ജീവിക്കുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നതിനാണ് സ്നേഹതീരം പദ്ധതി ഊന്നൽ കൊടുക്കുന്നത്. അധിക കേന്ദ്ര സഹായമായി ലഭ്യമായ 4 കോടി രൂപ സ്നേഹതീരം പദ്ധതിയ്ക്ക് മാറ്റി വച്ചിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായി നടപ്പാക്കാനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതി പ്രവർത്തനക്ഷമമാകുമ്പോൾ അന്തേവാസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ കഴിയും.

(ഡി) പ്രസ്തുത പദ്ധതി മറ്റു ജില്ലകളിലേക്കും കൂടി വ്യാപിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ബസ് റൂട്ട് ദേശസാൽക്കരണം

13[*343] ശ്രീ. എ. എ. അസീസ് :
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും ജില്ലയിൽ ബസ് റൂട്ടുകൾ ദേശസാൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ബി) സംസ്ഥാനത്ത് ബസ് റൂട്ടുകൾ സമ്പൂർണ്ണമായി ദേശസാൽക്കരിച്ചിട്ടുള്ള താലൂക്കുകൾ ഏതെല്ലാം ;

(സി) സമ്പൂർണ്ണ ദേശസാൽക്കരണം നടത്തിയ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) ഉണ്ട്. ചങ്ങനാശ്ശേരി-കാവാലം കോട്ടയം-കാവാലം റൂട്ടുകൾ ദേശസാൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) താലൂക്ക് അടിസ്ഥാനത്തിലല്ല ദേശസാൽക്കരണം നടത്തുന്നത്. എന്നാൽ നെയ്യാറ്റിൻകര താലൂക്ക് പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ടിട്ടുണ്ട്.

(സി) ദേശസാൽകൃത റൂട്ടുകളിൽ യാത്രക്കാരുടെ ആവശ്യം അനുസരിച്ച് കെ. എസ്. ആർ. ടി. സി. പരമാവധി സർവ്വീസ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly